# പതിനഞ്ചാം കേരള നിയമസഭ

# പതിനാലാം സമ്മേളനം

2025 സെപ്റ്റംബർ 16, ചൊവ്വ

**നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ**

**[ആകെ ചോദ്യങ്ങൾ--30]**

**മറുപടി നൽകുന്ന മന്ത്രിമാർ**

**മുഖ്യമന്ത്രി**

**ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി**

**ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി**

**തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി**

## സർക്കാർ ആശുപത്രികളിൽ രോഗികൾ ചികിത്സാ ഉപകരണങ്ങൾ വാങ്ങി നൽകേണ്ടതായ സാഹചര്യം പരിഹരിക്കാൻ നടപടി

*1 **ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീ. സനീഷ്കുമാർ ജോസഫ്**
**ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജ് അടക്കമുള്ള സർക്കാർ ആശുപത്രികളിൽ എത്തുന്ന കാരുണ്യ ആരോഗ്യസുരക്ഷാ പദ്ധതിയിൽ അംഗങ്ങളായവർ ഉൾപ്പെടെയുള്ള രോഗികൾ സ്വന്തം ചെലവിൽ ചികിത്സാ ഉപകരണങ്ങൾ വാങ്ങി നൽകേണ്ടതായ സാഹചര്യമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവമായി കാണുന്നുണ്ടോ; വ്യക്തമാക്കാമോ;

(ബി) എങ്കിൽ പ്രസ്തുത സാഹചര്യം ഉണ്ടാകാനുള്ള കാരണം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## കെ-ഫോൺ പദ്ധതി

*2 **ശ്രീ. കെ. പ്രേംകുമാർ**
**ശ്രീ. ടി. പി .രാമകൃഷ്ണൻ**
**ശ്രീ. ഐ. ബി. സതീഷ്**
**ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എല്ലാ വിഭാഗം ജനങ്ങൾക്കും ഇന്റർനെറ്റ് ഉപയോഗം ഉറപ്പ വരുത്തുന്നതിനായി വിഭാവനം ചെയ്ത കെ-ഫോൺ പദ്ധതി പ്രസ്തുത ലക്ഷ്യം കൈവരിക്കുന്നതിന് പര്യാപ്തമാണെന്ന വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) അതിവേഗ ഇന്റർനെറ്റ് സേവനം മിതമായ നിരക്കിൽ ലഭ്യമാക്കുക വഴി കെ-ഫോൺ പദ്ധതിയ്ക്ക് ജനങ്ങളുടെ അംഗീകാരം ഇതിനകം നേടാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ;

(സി) കെ-ഫോൺ പദ്ധതി വ്യാപിപ്പിക്കുന്നതിനായി എന്തെല്ലാം തരത്തിലുള്ള കേബിൾ ശൃംഖലയാണ് സ്ഥാപിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) സംസ്ഥാനത്തെ പ്രധാനപ്പെട്ട ഏതെല്ലാം സർക്കാർ സ്ഥാപനങ്ങളിലാണ് നിലവിൽ കെ-ഫോൺ നെറ്റ്‌വർക്ക് ഉപയോഗിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ;

(ഇ) സർക്കാർ ഓഫീസുകൾ സമ്പൂർണ്ണമായി കെ-ഫോൺ നെറ്റ്‌വർക്കിലേക്ക് മാറ്റുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വാണിജ്യ കണക്ഷൻ നൽകുന്നതിനായി പ്രാദേശിക ഓപ്പറേറ്റർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(എഫ്) ഗാർഹിക കണക്ഷൻ വേഗത്തിൽ ലഭ്യമാക്കുന്നതിനായി എന്തെല്ലാം സൗകര്യങ്ങളാണ് ഒരുക്കിവരുന്നതെന്ന് അറിയിക്കാമോ?

## <u>വയനാട് ഉരുൾപൊട്ടൽ ദുരിതബാധിതരുടെ പുനഃരധിവാസം</u>

*3 **ശ്രീ. കുറുക്കോളി മൊയ്തീൻ**
**ശ്രീ. പി. കെ. ബഷീർ**
**ശ്രീ. യു. എ. ലത്തീഫ്**
**ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് മുണ്ടക്കൈ-ചൂരൽമല പ്രദേശങ്ങളിലെ ഉരുൾപൊട്ടൽ ദുരന്തബാധിതരെ പുന:രധിവസിപ്പിക്കുന്നതിനുള്ള നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ ലഭിച്ച തുക ഇതിനായി യഥാസമയം വിനിയോഗിച്ചിട്ടില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) കേന്ദ്ര സർക്കാർ അനുവദിച്ച വായ്പ ഉപയോഗിച്ച് എന്തെല്ലാം പുനഃരധിവാസ പദ്ധതികളാണ് ഈ മേഖലയിൽ ഏറ്റെടുത്തിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ഡി) ദുരിതബാധിതരെ പൂർണ്ണമായും പുനഃരധിവസിപ്പിക്കാൻ എന്നത്തേക്ക് കഴിയുമെന്ന് വ്യക്തമാക്കുമോ?

## <u>നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് നടപടി</u>

*4 **ശ്രീ എം നൗഷാദ്**
**ശ്രീ. എ. പ്രഭാകരൻ**

**ശ്രീമതി ശാന്തകുമാരി കെ.**

**ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി ഭക്ഷ്യവകുപ്പ് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇത്തവണത്തെ ഓണക്കാലത്ത് നൽകിയ ഓണക്കിറ്റിൽ എന്തെല്ലാം അവശ്യവസ്തുക്കൾ ഉൾപ്പെടുത്തിയിരുന്നുവെന്ന് അറിയിയ്ക്കാമോ;

(സി) ഏതെല്ലാം വിഭാഗത്തിലെ എത്ര കുടുംബങ്ങൾക്കാണ് കിറ്റ് വിതരണം ചെയ്തതെന്നും ഇതിനായി ഏകദേശം എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ഡി) അധിക ഭക്ഷ്യധാന്യങ്ങൾ ആവശ്യപ്പെട്ട് കേന്ദ്ര സർക്കാരിനെ സമീപിച്ചിരുന്നോ; എങ്കിൽ ഇത് സംബന്ധിച്ച് കേന്ദ്ര സർക്കാരിന്റെ സമീപനം എന്തായിരുന്നുവെന്ന് വെളിപ്പെടുത്താമോ?

## ശസ്ത്രക്രിയയ്ക്കിടെ ഗൈഡ്‌വയർ കുടുങ്ങിയ സംഭവം

*5 **ശ്രീമതി ഉമ തോമസ്**

**ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**

**ശ്രീ. എം. വിൻസെന്റ്**

**ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ തൈറോയ്ഡ് ഗ്രന്ഥി നീക്കം ചെയ്യാനുള്ള ശസ്ത്രക്രിയയ്ക്കിടെ യുവതിയുടെ നെഞ്ചിൽ ഗൈഡ്‌വയർ കുടുങ്ങിയ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോയെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത സംഭവത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; ഇതിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകാമോ?

## നോർക്ക ശുഭയാത്ര പദ്ധതി

*6 **ശ്രീമതി ദെലീമ**

**ശ്രീമതി ശാന്തകുമാരി കെ.**

**ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ**

**ശ്രീ. യു. ആർ. പ്രദീപ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമ്പത്തിക ബുദ്ധിമുട്ട് നേരിടുന്ന 18-നും 55-നും മദ്ധ്യേ പ്രായമുള്ളവരും വിദേശ ജോലിക്ക് ശ്രമിക്കുന്നവരുമായ വനിതകൾക്കായി നോർക്കയും വനിതാ

വികസന കോർപ്പറേഷനും സംയുക്തമായി നോർക്ക ശുഭയാത്ര പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയ്ക്ക് പരമാവധി എത്ര തുകവരെ വായ്പ ലഭ്യമാകുമെന്നും വായ്പാ സബ്സിഡി, പലിശ തുടങ്ങിയവ സംബന്ധിച്ചുള്ള വിശദാംശവും ലഭ്യമാക്കാമോ;

(സി) വിസ സ്റ്റാമ്പിങ്, എച്ച്. ആർ. ഡി. /എംബസി അറ്റസ്റ്റേഷൻ, എയർ ടിക്കറ്റുകൾ, വാക്സിനേഷൻ തുടങ്ങിയവയ്ക്ക് വായ്പാ തുക ഉപയോഗിക്കാൻ കഴിയുന്ന തരത്തിലാണോ പ്രസ്തുത പദ്ധതി രൂപകൽപ്പന ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതിയ്ക്കായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ഇ) പദ്ധതി എന്നുമുതൽ ആരംഭിയ്ക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ?

## <u>അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി</u>

*7 **ശ്രീമതി ഒ എസ് അംബിക**
**ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ**
**ശ്രീ. മുരളി പെരുനെല്ലി**
**ശ്രീ. കെ. ജെ. മാക്സി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തീവ്രദാരിദ്ര്യത്തിൽ കഴിഞ്ഞിരുന്നവരെ കണ്ടെത്തി സമൂഹത്തിന്റെ മുഖ്യധാരയിൽ കൊണ്ടുവരാൻ ഈ സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കുന്ന അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയുടെ പ്രവർത്തനങ്ങൾ പര്യാപ്തമാണെന്ന വിലയിരുത്തൽ നടത്തിയിട്ടുണ്ടോ;

(ബി) അതിദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനത്തിന്റെ ഓരോ ഘട്ടത്തിലും നടപ്പിലാക്കിയ പ്രവൃത്തികൾ എന്തെല്ലാമായിരുന്നുവെന്ന് വിശദമാക്കാമോ;

(സി) ഏകാംഗ കുടുംബങ്ങളിൽ പുനഃരധിവാസം ആവശ്യമുള്ളവർക്ക് ബദൽ സംവിധാനം ഒരുക്കിയിട്ടുണ്ടോ;

(ഡി) പ്രസ്തുത പദ്ധതിയുടെ നിലവിലെ പുരോഗതി വ്യക്തമാക്കുമോ; പദ്ധതി എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് അറിയിക്കാമോ?

## <u>ആശാവർക്കർമാരുടെ സമരം</u>

*8 **ശ്രീ. എം. വിൻസെന്റ്**
**ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീമതി ഉമ തോമസ്**
**ശ്രീമതി കെ. കെ. രമ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആശാവർക്കർമാർ സെക്രട്ടറിയേറ്റിന് മുന്നിൽ ഇരുനൂറു ദിവസത്തിൽ അധികമായി നടത്തിക്കൊണ്ടിരിക്കുന്ന സമരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത സമരവുമായി ബന്ധപ്പെട്ട് ആശാവർക്കർമാർ ഉന്നയിച്ച ആവശ്യങ്ങൾ

അനുഭാവപൂർവ്വം പരിഗണിക്കുമോ;

(സി) ആശാവർക്കർമാരുടെ ഓണറേറിയം വർദ്ധിപ്പിക്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകാമോ?

## എല്ലാ ജില്ലകളിലും മെഡിക്കൽ കോളേജുകൾ

*9 **ശ്രീ. എ. സി. മൊയ്തീൻ**
**ശ്രീമതി യു പ്രതിഭ**
**ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ**
**ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ സംസ്ഥാനത്ത് എത്ര മെഡിക്കൽ കോളേജുകളാണ് ഉണ്ടായിരുന്നതെന്ന് അറിയിക്കാമോ;

(ബി) സംസ്ഥാനത്തെ എല്ലാ ജില്ലകളിലും മെഡിക്കൽ കോളേജ് സ്ഥാപിക്കാൻ കഴിഞ്ഞുവെന്ന നേട്ടം കൈവരിക്കുവാൻ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയതെന്ന് വിശദമാക്കാമോ;

(സി) അനുമതി ലഭിച്ച മെഡിക്കൽ കോളേജുകളിൽ അടുത്ത വർഷം തന്നെ പഠന പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള പശ്ചാത്തല-സാങ്കേതിക സൗകര്യങ്ങൾ ക്രമീകരിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) നിലവിൽ സംസ്ഥാനത്ത് എത്ര എം. ബി. ബി. എസ്. സീറ്റുകളാണ് ഉള്ളത്; പുതിയ മെഡിക്കൽ കോളേജുകൾ കൂടി പ്രവർത്തനക്ഷമമാകുന്നതോടെ സർക്കാർ മേഖലയിൽ മാത്രം എത്ര സീറ്റുകൾ ലഭ്യമാകും; വിശദമാക്കാമോ?

## ഫയലുകൾ തീർപ്പാക്കാൻ പ്രത്യേക അദാലത്ത്

*10 **ശ്രീ. എൻ. ഷംസുദ്ദീൻ**
**ശ്രീ. എൻ. എ. നെല്ലിക്കുന്ന്**
**ശ്രീ. ടി. വി. ഇബ്രാഹിം**
**ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ മൂന്നു ലക്ഷത്തിലധികം ഫയലുകൾ കെട്ടിക്കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഫയലുകളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ തീരുമാനം എടുക്കാതെ വൈകിപ്പിക്കുന്നത് അഴിമതിയായി കണക്കാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(സി) ഇത്തരം വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ആലോചിക്കുന്നത്; വിശദമാക്കാമോ;

(ഡി) സെക്രട്ടേറിയറ്റിലും വകുപ്പു മേധാവികളുടെ ഓഫീസുകളിലും കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കുന്നതിന് പ്രത്യേക അദാലത്തുകൾ നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

## ആശുപത്രി കെട്ടിടങ്ങളുടെ സുരക്ഷാ ഓഡിറ്റ്

*11 **ശ്രീ. കെ. പി. എ. മജീദ്**
**ശ്രീ. പി. കെ. ബഷീർ**
**ശ്രീ. എ. കെ. എം. അഷ്റഫ്**
**ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രി കെട്ടിടം തകർന്ന് വീണ് ഒരു സ്ത്രീ മരിക്കാനിടയായ സംഭവത്തെ തുടർന്ന് സംസ്ഥാനത്തെ വിവിധ ആശുപത്രി കെട്ടിടങ്ങളുടെ ബലക്ഷയം പരിശോധിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ആശുപത്രി കെട്ടിടങ്ങളുടെ സുരക്ഷാ ഓഡിറ്റ് നടത്തുന്നതിന്റെ ഭാഗമായി ദുരന്ത നിവാരണ അതോറിറ്റിയുടെ സഹായം ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) സുരക്ഷാ ഓഡിറ്റ് എന്നത്തേക്ക് പൂർത്തിയാക്കാനാകുമെന്ന് വിശദമാക്കാമോ?

## കോവളം - ബേക്കൽ വെസ്റ്റ് കോസ്റ്റ് ജലപാത

*12 **ശ്രീ. എൻ. എ. നെല്ലിക്കുന്ന്**
**ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവളം - ബേക്കൽ വെസ്റ്റ് കോസ്റ്റ് ജലപാത പൂർത്തീകരിക്കുന്നതിന് സർക്കാർ സമയക്രമം നിശ്ചയിച്ചിരുന്നോ; എങ്കിൽ ഇതിൻപ്രകാരം ജലപാതയുടെ നിർമ്മാണം പൂർത്തീകരിക്കേണ്ടത് എന്നായിരുന്നു എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ജലപാതയുടെ ആദ്യഘട്ട പണി എത്രത്തോളം പൂർത്തീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) ജലപാതയുടെ പണി എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നാണ് വിശദമാക്കുമോ?

## മുണ്ടക്കൈ ചൂരൽമല ദുരന്ത പുനഃരധിവാസ പ്രവർത്തനങ്ങൾ

*13 **ശ്രീ. ടി. പി .രാമകൃഷ്ണൻ**
**ശ്രീ. ലിന്റോ ജോസഫ്**
**ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ**
**ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുണ്ടക്കൈ, ചൂരൽമല പ്രകൃതിദുരന്തത്തെ കേന്ദ്ര സർക്കാർ ദേശീയ ദുരന്തമായി പ്രഖ്യാപിക്കുന്നതിനായി സംസ്ഥാന സർക്കാർ നടത്തിയ ഇടപെടലുകൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) മുണ്ടക്കൈ, ചൂരൽമല ദുരന്തബാധിതരുടെ പുനഃരധിവാസത്തിനായി തയ്യാറാക്കിയ മാസ്റ്റർ പ്ലാൻ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) വയനാട് ടൗൺഷിപ്പുമായി ബന്ധപ്പെട്ട് രൂപീകരിച്ച വയനാട് പുനർനിർമ്മാണ സമിതിയുടെ ഘടനയും ചുമതലകളും എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(ഡി) പുനരുദ്ധാരണ പ്രവർത്തനങ്ങളിൽ കേന്ദ്രസർക്കാർ പുലർത്തുന്ന സമീപനത്തെ സംബന്ധിച്ച് കേരള ഹൈക്കോടതി നടത്തിയിട്ടുള്ള പരാമർശങ്ങൾ എന്തെല്ലാമാണ്; കോടതിയുടെ ഇടപെടലിനെ തുടർന്ന് കേന്ദ്ര സർക്കാരിൽ നിന്നും അനുഭാവപൂർവ്വമായ സഹകരണം ഉണ്ടായിട്ടുണ്ടോ; വിശദമാക്കാമോ?

**നെല്ല് സംഭരണത്തിനുള്ള പുതിയ നിബന്ധനകൾ**

*14 **ശ്രീ. എ. കെ. എം. അഷ്റഫ്**
**ശ്രീ. കുറുക്കോളി മൊയ്തീൻ**
**ഡോ. എം. കെ. മുനീർ**
**ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകരിൽ നിന്നുള്ള നെല്ല് സംഭരണത്തിനായി സപ്ലൈകോ പുതിയ നിബന്ധനകൾ പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സപ്ലൈകോ ശേഖരിക്കുന്ന നെല്ലിൽ എത്ര ശതമാനം വരെ ഈർപ്പവും പതിരും ആകാമെന്നാണ് നിഷ്കർഷിച്ചിരിക്കുന്നത്;

(സി) സപ്ലൈകോ ശേഖരിക്കുന്ന നെല്ലിന്റെ വില നൽകുന്നതിൽ കാലതാമസം ഉണ്ടാകാറുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഡി) കർഷകർക്ക് നൽകാനുള്ള പണം യഥാസമയം നൽകുന്നതിന് എന്തെല്ലാം ക്രമീകരണങ്ങളാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

**എല്ലാ ജില്ലകളിലും നഴ്സിംഗ് കോളേജുകൾ**

*15 **ശ്രീ. പി.പി. ചിത്തരഞ്ജൻ**
**ശ്രീ എം രാജഗോപാലൻ**
**ശ്രീ. കെ. ബാബു (നെന്മാറ)**
**ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എല്ലാ ജില്ലകളിലും നഴ്സിംഗ് കോളേജുകൾ ആരംഭിക്കുക എന്ന നേട്ടം കൈവരിക്കുന്നതിനായി ഈ സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) 2021-ൽ സംസ്ഥാനത്താകെ എത്ര ബി. എസ്. സി. നഴ്സിംഗ് സീറ്റുകളാണ് ഉണ്ടായിരുന്നതെന്നും നിലവിൽ അത് എത്ര സീറ്റുകളായി വർദ്ധിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്നും അറിയിക്കാമോ;

(സി) സർക്കാർ-സ്വകാര്യ മേഖലയിൽ നിലവിൽ എത്ര മെഡിക്കൽ-നഴ്സിംഗ് കോളേജുകൾ പ്രവർത്തിക്കുന്നുണ്ടെന്നും അവയിൽ ഓരോന്നിലും എത്ര സീറ്റുകൾ നിലവിലുണ്ടെന്നും അറിയിക്കാമോ;

(ഡി) സ്വകാര്യ-സ്വാശ്രയ മേഖലകളിൽ കൂടുതൽ മെഡിക്കൽ- നഴ്സിംഗ് കോഴ്സുകൾക്ക് അനുമതി നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ?

## ശബരിമല വിമാനത്താവളം

*16 **ശ്രീ കെ യു ജനീഷ് കുമാർ**
**ശ്രീ. എം. എം. മണി**
**ശ്രീ എം മുകേഷ്**
**ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല വിമാനത്താവളത്തിന് അനുമതി നൽകുന്നതിന് ആദ്യഘട്ടത്തിൽ കേന്ദ്ര സർക്കാർ വിസമ്മതിച്ചെങ്കിലും സംസ്ഥാന സർക്കാറിന്റെ ഇച്ഛാശക്തിയോടുള്ള പ്രവർത്തനത്താലാണ് പ്രസ്തുത പദ്ധതിക്ക് അനുമതി നേടിയതെന്ന വിലയിരുത്തൽ നടത്തിയിട്ടുണ്ടോ;

(ബി) കോട്ടയം, ഇടുക്കി, പത്തനംതിട്ട ജില്ലകളുടെ വികസനത്തിനും ശബരിമല തീർത്ഥാടകർക്ക് യാത്രാസൗകര്യത്തിനും പ്രസ്തുത പദ്ധതി സഹായകരമാകുമെന്ന് വിലയിരുത്തുന്നുണ്ടോ;

(സി) പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിനാവശ്യമായ വിവിധ വിദഗ്ധ സമിതികളുടെ അംഗീകാരം ലഭിച്ചതിനെ തുടർന്ന് പ്രാഥമികമായി എന്തെല്ലാം പ്രവർത്തനങ്ങളാണ് ആരംഭിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതിയ്ക്കായി സ്ഥലം എവിടെയാണ് കണ്ടെത്തിയിട്ടുള്ളതെന്നും എത്ര ഏക്കർ സ്ഥലം ആവശ്യമായിവരുമെന്നും വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത പദ്ധതി സമയബന്ധിതമായി ആരംഭിക്കുന്നതിനാവശ്യമായ പ്രാഥമിക പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്താൻ നിർദേശം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

## ദേശീയ ദുരന്തനിവാരണ നിയമത്തിലെ ഭേദഗതി

*17 **ശ്രീ. എ. പ്രഭാകരൻ**
**ശ്രീ. പി. നന്ദകുമാർ**
**ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ**
**ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുതരസ്വഭാവമുള്ള പ്രകൃതിദുരന്തങ്ങളുമായി ബന്ധപ്പെട്ട് ദുരന്തബാധിതർക്ക് വായ്പാതിരിച്ചടവിൽ ഇളവുനൽകാനും ലളിത വ്യവസ്ഥകളോടെ പുതിയ വായ്പ അനുവദിക്കുന്നതിനും 2025-ലെ ദേശീയ ദുരന്തനിവാരണ നിയമത്തിലെ 13-ാം വകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടോയെന്ന് അറിയിയ്ക്കാമോ;

(ബി) പ്രസ്തുത വകുപ്പ് ഒഴിവാക്കി കേന്ദ്ര സർക്കാർ കൊണ്ടുവന്ന ഭേദഗതി സംസ്ഥാനത്തെ പ്രകൃതിദുരന്ത നിവാരണ പ്രവർത്തനത്തിന് ഇരട്ട പ്രഹരമേൽപ്പിച്ചതായി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) മുണ്ടക്കൈ, ചൂരൽമല ദുരന്തത്തെതുടർന്ന് സംസ്ഥാന സർക്കാർ എത്ര തവണ വിശദമായ റിപ്പോർട്ട് കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്; അത് ഏതെല്ലാം തീയതികളിലായിരുന്നു; വിശദാംശം അറിയിക്കാമോ;

(ഡി) നിവേദനം നൽകുന്ന സമയത്ത് ദുരന്ത നിവാരണ നിയമത്തിലെ വകുപ്പ് 13 - നിലവിലുണ്ടായിരുന്നോ; പ്രസ്തുത നിയമത്തിലെ 13-ാം വകുപ്പ് പുനഃസ്ഥാപിക്കണമെന്ന്

ആവശ്യപ്പെട്ട് പ്രധാനമന്ത്രിക്ക് അപേക്ഷ നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

## ആരോഗ്യ മേഖലയ്ക്ക് ലഭിച്ച ദേശീയ അംഗീകാരങ്ങൾ

*18 **ശ്രീ. യു. ആർ. പ്രദീപ്**
**ശ്രീ വി ജോയി**
**ശ്രീ. പി.പി. ചിത്തരഞ്ജൻ**
**ശ്രീ. പി. മമ്മിക്കുട്ടി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ആരോഗ്യ മേഖലയിൽ നടത്തുന്ന വികസന മുന്നേറ്റങ്ങളുടെ തെളിവാണ് ദേശീയതലത്തിൽ ലഭിച്ചുകൊണ്ടിരിക്കുന്ന വിവിധങ്ങളായ അംഗീകാരങ്ങളെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ആരോഗ്യ സ്ഥാപനങ്ങളുടെ ദേശീയ ഗുണനിലവാര പരിശോധനയിൽ സംസ്ഥാനത്തെ ഏതെല്ലാം ആരോഗ്യ സ്ഥാപനങ്ങൾക്കാണ് അംഗീകാരം ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) നവജാത ശിശുക്കളുടെയും കുട്ടികളുടെയും രോഗാവസ്ഥയും മരണനിരക്കും കുറയ്ക്കുന്നതിനും ജനനം മുതൽ 12 വയസ്സുവരെയുള്ള കുട്ടികൾക്ക് പൊതുജനാരോഗ്യ കേന്ദ്രങ്ങളിൽ ഗുണനിലവാരമുള്ള ശിശുസൗഹൃദ സേവനം ഉറപ്പാക്കുന്നതിനും മുസ്കാൻ സർട്ടിഫിക്കേഷൻ ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ഡി) ദേശീയ ഗുണനിലവാര സൂചികയിൽ 'ലക്ഷ്യ' അംഗീകാരം നേടുന്നതിന് നിശ്ചയിച്ചിരുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമായിരുന്നുവെന്നും സംസ്ഥാനത്ത് ഏതെല്ലാം ആരോഗ്യ കേന്ദ്രങ്ങൾക്ക് പ്രസ്തുത അംഗീകാരം നേടാൻ കഴിഞ്ഞിട്ടുണ്ടെന്നും അറിയിക്കാമോ?

## നാഷണൽ ഫുഡ് സെക്യൂരിറ്റി ആക്ട് പ്രകാരം അധിക റേഷൻ വിഹിതം ലഭ്യമാക്കാൻ നടപടി

*19 **ശ്രീ . മുഹമ്മദ് മുഹസിൻ**
**ശ്രീ ഇ ചന്ദ്രശേഖരൻ**
**ശ്രീ. വി. ആർ. സുനിൽകുമാർ**
**ശ്രീ. സി.സി. മുകുന്ദൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്ത് നാഷണൽ ഫുഡ് സെക്യൂരിറ്റി ആക്ട് നടപ്പിലാക്കിയത് കേരളത്തിലെ ജനങ്ങളെ ദോഷകരമായി ബാധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) എൻ. എഫ്. എസ്. എ. പ്രകാരം മുൻഗണനാ വിഭാഗങ്ങൾക്ക് നൽകുന്ന റേഷൻ വിഹിതവും മുൻഗണനേതര വിഭാഗക്കാർക്ക് നൽകുന്ന ടൈഡ് ഓവർ വിഹിതവും വർദ്ധിപ്പിക്കണമെന്ന് സംസ്ഥാനം ആവശ്യപ്പെട്ടിട്ടുണ്ടോ; ഈ വിഷയത്തിൽ സർക്കാർ നടത്തിയ ഇടപെടലുകളും നിലവിലെ സ്ഥിതിയും വിശദമാക്കാമോ;

(സി) പ്രസ്തുത സാഹചര്യത്തിലും ഈ ഓണത്തോടനുബന്ധിച്ച് സംസ്ഥാനം അധികവിഹിതം ഭക്ഷ്യധാന്യങ്ങൾ ജനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

**ഇറക്കുമതിത്തീരുവ വർദ്ധിപ്പിച്ച അമേരിക്കൻ നടപടിയുടെ പ്രത്യാഘാതങ്ങൾ**

*20 **ശ്രീ എം എസ് അരുൺ കുമാർ**
**ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ**
**ശ്രീ. സി. എച്ച്. കുഞ്ഞമ്പു**
**ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ത്യൻ ഉല്പന്നങ്ങൾക്കുള്ള ഇറക്കുമതിത്തീരുവ അൻപത് ശതമാനം വർദ്ധിപ്പിച്ച അമേരിക്കൻ നടപടി കേരളത്തിന്റെ പരമ്പരാഗത മേഖലയ്ക്ക് ഉണ്ടാക്കാനിടയുള്ള കനത്ത തിരിച്ചടി സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത നടപടി സംസ്ഥാനത്തിന്റെ സാമ്പത്തിക മേഖലയിൽ ഉണ്ടാക്കാനിടയുള്ള പ്രത്യാഘാതങ്ങൾ സംബന്ധിച്ച് പ്രത്യേകം വിലയിരുത്തൽ നടത്തിയിട്ടുണ്ടോ;

(സി) രാജ്യത്ത് ഏറ്റവും കൂടുതൽ സമുദ്രോല്പന്ന സംസ്കരണ കയറ്റുമതികളും അമേരിക്കയിലേയ്ക്ക് കയറ്റുമതിയുമുള്ള സംസ്ഥാനമെന്ന നിലയിൽ ഈ മേഖലയിൽ ഉണ്ടാകാനിടയുള്ള പ്രതിസന്ധി മറികടക്കാൻ എന്തെങ്കിലും ബദൽ പദ്ധതികൾ ആലോചിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ഡി) അമേരിക്കയിലേയ്ക്ക് കയറ്റുമതി ചെയ്യുന്ന സംസ്ഥാനത്തെ കാർഷികോത്പന്നങ്ങൾ, കയർ, കശുവണ്ടി, സുഗന്ധവ്യഞ്ജനങ്ങൾ എന്നിവയെ പ്രതിസന്ധിയിൽ നിന്നും കരകയറ്റാൻ പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

**വെളിച്ചെണ്ണയുടെ വിലവർദ്ധനവ് നിയന്ത്രിക്കാൻ നടപടി**

*21 **ശ്രീ. പി. ബാലചന്ദ്രൻ**
**ശ്രീ. ഇ കെ വിജയൻ**
**ശ്രീ ജി എസ് ജയലാൽ**
**ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുവിപണിയിൽ അവശ്യസാധനങ്ങളുടെ വിലവർദ്ധനവ് നിയന്ത്രിക്കുന്നതിന് മുൻഗണന നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് വെളിച്ചെണ്ണയുടെ വില ക്രമാതീതമായി ഉയർന്ന സാഹചര്യത്തിൽ അത് പ്രതിരോധിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) ഇത്തരത്തിൽ വെളിച്ചെണ്ണയുടെ വില വർദ്ധനവിന് ഇടയാക്കിയ സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) വെളിച്ചെണ്ണയുടെ വില വർദ്ധനവ് നിയന്ത്രിക്കുന്നതിനൊപ്പം ഈ ഓണത്തോടനുബന്ധിച്ച് പൊതുജനങ്ങൾക്ക് അരിയും മറ്റ് അവശ്യസാധനങ്ങളും മിതമായ നിരക്കിൽ ലഭ്യമാക്കുന്നതിന് ഭക്ഷ്യ- പൊതുവിതരണ വകുപ്പ് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

**ശബരിമല ഗ്രീൻഫീൽഡ് വിമാനത്താവളം**

*22 **ശ്രീ. പ്രമോദ് നാരായൺ**
**ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ**
**ഡോ. എൻ. ജയരാജ്**
**ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല ഗ്രീൻഫീൽഡ് വിമാനത്താവളം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട നടപടികളുടെ പുരോഗതി വിശദീകരിക്കാമോ;

(ബി) പദ്ധതിയുടെ ഭാഗമായി ലഭിക്കേണ്ട കേന്ദ്ര അനുമതികളുടെ വിശദാംശങ്ങൾ അറിയിക്കാമോ;

(സി) സ്ഥലമേറ്റെടുക്കൽ നടപടികളുടെ ഇപ്പോഴത്തെ സ്ഥിതിയും പ്രസ്തുത പദ്ധതി എന്ന് യാഥാർത്ഥ്യമാക്കുവാനാണ് ലക്ഷ്യമിടുന്നതെന്നും വിശദമാക്കാമോ?

**തൃശ്ശൂർ കുന്നംകുളം പൊലീസ് സ്റ്റേഷനിലെ ലോക്കപ്പ് മർദ്ദനം**

*23 **ശ്രീ. ചാണ്ടി ഉമ്മൻ**
**ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. റോജി എം. ജോൺ**
**ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നംകുളം പൊലീസ് സ്റ്റേഷനിൽ പ്രമുഖ രാഷ്ട്രീയ പാർട്ടിയുടെ യുവജന വിഭാഗത്തിന്റെ നേതാവിനെ മർദ്ദിച്ച പോലീസുകാർക്കെതിരെ എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ; ഇവരെ സർവിസിൽ നിന്നും പുറത്താക്കുന്നതടക്കമുള്ള നടപടികൾ സ്വീകരിക്കുമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ;

(ബി) പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട് സർക്കാർ ഏതൊക്കെ അന്വേഷണങ്ങളാണ് നടത്തിയതെന്നും അന്വേഷണത്തിലെ പ്രധാനപ്പെട്ട കണ്ടെത്തലുകൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ?

**അമീബിക് മസ്തിഷ്കജ്വര വ്യാപനം തടയാൻ നടപടി**

*24 **ശ്രീ. അനൂപ് ജേക്കബ്**
**ശ്രീ. മോൻസ് ജോസഫ്**
**ശ്രീ. പി. ജെ. ജോസഫ്**
**ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അമീബിക് മസ്തിഷ്കജ്വര ബാധയ്ക്ക് കാരണമായ അമീബയുടെ വകഭേദങ്ങൾ ഏതൊക്കെയെന്ന് വിശദമാക്കാമോ;

(ബി) 'തലച്ചോർ തീനി' എന്നറിയപ്പെടുന്ന നൈഗ്ലേരിയ ഫൗളരിയ്ക്ക് പുറമെ സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്തിട്ടുള്ള മറ്റ് അമീബയുടെ വകഭേദങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) അമീബിക് മസ്തിഷ്കജ്വരത്തിനു പ്രതിവിധിയായി ഉപയോഗിക്കുന്ന മരുന്നു സംയുക്തത്തിൽ ഉൾപ്പെടുന്ന പ്രധാന മരുന്നുകളെക്കുറിച്ച് വിശദമാക്കാമോ;

(ഡി) മലിനജലത്തിന് പുറമെ അമീബയുടെ സാന്നിധ്യം കണ്ടെത്തിയിട്ടുള്ള മറ്റു സ്ഥലങ്ങൾ ഏതൊക്കെയാണ്; അമീബിക് മസ്തിഷ്കജ്വരത്തിന്റെ വ്യാപനം നിയന്ത്രിക്കാൻ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

## തെരുവു നായകളുടെ ആക്രമണം തടയുന്നതിന് നടപടി

*25 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. പി. ഉബൈദുള്ള**
**ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തെരുവു നായകളുടെ കടിയേൽക്കുന്നവരുടെ എണ്ണം വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) തെരുവു നായകളുടെ ജനന നിയന്ത്രണ യൂണിറ്റുകൾ തദ്ദേശസ്വയംഭരണ വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്നുണ്ടോയെന്നും തെരുവു നായകളുടെ വർദ്ധനവിന് അനുസൃതമായി പുതിയ യൂണിറ്റുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നും വിശദമാക്കാമോ;

(സി) പരിശീലനം നേടിയ നായപിടുത്തക്കാരുടെ കുറവ് പരിഹരിക്കാൻ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

## എം. എസ്. സി. എൽസ-3 കപ്പൽ തകർന്നതിനെ തുടർന്നുണ്ടായ പാരിസ്ഥിതിക പ്രശ്നം

*26 **ശ്രീ. പി. അബ്ദുൽ ഹമീദ്**
**ശ്രീ. കെ. പി. എ. മജീദ്**
**ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള തീരത്ത് എം. എസ്. സി. എൽസ-3 എന്ന കപ്പൽ കണ്ടെയ്നറുകളുമായി മുങ്ങിയ സംഭവത്തെ തുടർന്ന് കടലിലും തീരത്തും ഉണ്ടായ പാരിസ്ഥിതിക പ്രശ്നങ്ങളെക്കുറിച്ച് പഠിക്കുന്നതിന് പ്രത്യേക സമിതിക്ക് രൂപം കൊടുത്തിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സമിതിയുടെ പ്രാഥമിക റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(സി) ഈ കപ്പലപകടം മൂലം മത്സ്യത്തൊഴിലാളികൾക്കുണ്ടായ നഷ്ടവും തീരം വൃത്തിയാക്കാൻ വേണ്ടി വരുന്ന ചെലവും സമിതിയുടെ റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

## മാലിന്യമുക്ത നവകേരളം

*27 **ശ്രീമതി സി. കെ. ആശ**
**ശ്രീ പി എസ് സുപാൽ**

**ശ്രീ വി ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയ ഇടപെടലിലൂടെ സാമൂഹികനേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുള്ള സംസ്ഥാനമെന്ന നിലയിൽ മാലിന്യ നിർമ്മാർജ്ജനത്തിൽ ലോകത്തിന് മാതൃകയാക്കാവുന്ന പ്രവർത്തനങ്ങൾ കേരളം ഏറ്റെടുക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സംസ്ഥാനത്ത് ഹരിതകർമ്മസേന ശേഖരിക്കുന്ന ഇ-മാലിന്യങ്ങൾ പൂർണ്ണമായും സംസ്കരിക്കാനാകുന്നില്ല എന്നത് പരിശോധിച്ചിട്ടുണ്ടോ; ഇ-മാലിന്യങ്ങളിലടങ്ങിയ ധാതുക്കൾ വേർതിരിച്ചെടുക്കുന്ന അർബൻ മൈനിങ് സംവിധാനം കേരളത്തിലും ആരംഭിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് വികസിപ്പിച്ചിട്ടുള്ള നൂതന സാങ്കേതികവിദ്യകൾ സംസ്ഥാനത്ത് പ്രയോജനപ്പെടുത്തുന്നതിനും മാലിന്യ നിർമ്മാർജ്ജന രംഗത്ത് സ്റ്റാർട്ടപ്പുകൾക്കും നിക്ഷേപകർക്കും അവസരമൊരുക്കുവാനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) സംസ്ഥാനത്ത് മാലിന്യ ശേഖരണം സജീവമായതോടെ മാലിന്യം വേർതിരിക്കാനും സംസ്കരിക്കാനും കൂടുതൽ പ്ലാന്റുകളുടെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ഇ) ഹാർബറുകൾ കേന്ദ്രീകരിച്ച് കടലിൽ നിന്നുള്ള പ്ലാസ്റ്റിക് മാലിന്യ ശേഖരണത്തിനും അതിന്റെ പുനരുപയോഗത്തിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## കെ-ഫോൺ പദ്ധതിയുടെ പുരോഗതി

*28 **ഡോ. എൻ. ജയരാജ്**
**ശ്രീ. പ്രമോദ് നാരായൺ**
**ശ്രീ. ജോബ് മൈക്കിൾ**
**ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ-ഫോൺ മുഖേനയുള്ള ഇന്റർനെറ്റ് സംവിധാനം സംബന്ധിച്ച വിശദാംശം അറിയിക്കാമോ;

(ബി) കെ-ഫോൺ മുഖേനയുള്ള സേവനത്തിന്റെ വിജയം അവലോകനം ചെയ്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) ആദിവാസി മേഖലകളിൽ കെ-ഫോൺ ലഭ്യമാക്കുന്ന പദ്ധതിയുടെ പുരോഗതി അറിയിക്കാമോ;

(ഡി) ആദിവാസി മേഖലകളിലെ കെ-ഫോൺ സേവന ലഭ്യതയ്ക്ക് കണക്കാക്കിയിട്ടുള്ള ചെലവ് എത്രയെന്ന് അറിയിക്കാമോ; പ്രസ്തുത പദ്ധതിയുടെ ഫണ്ട് സ്രോതസ്സ് വ്യക്തമാക്കാമോ?

## സർക്കാർ ആശുപത്രികളിൽ ചികിത്സാ പിഴവ് ഉണ്ടാകുന്നത് തടയാൻ നടപടി

*29 **ശ്രീ. റോജി എം. ജോൺ**
**ശ്രീ. സജീവ് ജോസഫ്**
**ശ്രീ. സി. ആർ. മഹേഷ്**
**ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ ചികിത്സാ പിഴവിനെ തുടർന്ന് യുവതിയുടെ ശരീരത്തിൽ ഗൈഡ്‌വയർ കുരുങ്ങിയ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആയത് പരിഹരിക്കാനും രോഗിക്ക് നഷ്ടപരിഹാരം നൽകാനും നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(സി) സർക്കാർ ആശുപത്രികളിൽ ചികിത്സാ പിഴവ് ഉണ്ടാകുന്നത് തടയാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

**<u>അവയവദാനം പ്രോത്സാഹിപ്പിക്കാൻ കെ-സോട്ടോ വഴി പദ്ധതി</u>**

*30 **ശ്രീ പി എസ് സുപാൽ**
**ശ്രീമതി സി. കെ. ആശ**
**ശ്രീ വി ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമവിധേയമായും സുതാര്യമായും അവയവദാനം സാധ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) നിയമവിധേയമായ അവയവദാനം പ്രോത്സാഹിപ്പിക്കുന്നതിനും ഈ മേഖലയിലെ ചൂഷണങ്ങൾ ഒഴിവാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; അവയവദാന നിരക്ക് കൂട്ടുന്നതിനും മരണാനന്തര അവയവദാനം പ്രോത്സാഹിപ്പിക്കുന്നതിനുമായി കെ-സോട്ടോ വഴി പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(സി) സംസ്ഥാനത്ത് നടക്കുന്ന അവയവദാനം നീതിപൂർവ്വമാണെന്ന് ഉറപ്പുവരുത്തുന്നതിന് സമഗ്ര മാർഗനിർദേശവും എസ്. ഒ. പി. യും തയാറാക്കിയ ഏകസംസ്ഥാനമായി കേരളം മാറിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) സംസ്ഥാനത്ത് നടന്നതായി പറയപ്പെടുന്ന നിയമവിധേയമല്ലാത്ത അവയവദാനം സംബന്ധിച്ച് പരിശോധന നടത്തിയിരുന്നോ; രാജ്യാന്തര ബന്ധങ്ങളുള്ള അവയവ റാക്കറ്റിന്റെ കണ്ണികൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം,
2025 സെപ്റ്റംബർ 8, തിങ്കൾ

ഡോ. എൻ. കൃഷ്ണ കുമാർ ,
സെക്രട്ടറി

---

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u>

നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].